## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3275 | 10.12.2018 -ൽ മറുപടിക്ക്

**റവന്യൂ , സർവ്വേ , ലാന്റ് ബാങ്ക്, ലാന്റ് ബോർഡ്, ഐ.എൽ.ഡി.എം. പദ്ധതി തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത് : | | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ സർവ്വേ, ലാന്റ് ബാങ്ക്, ലാന്റ് ബോർഡ്, ഐ.എൽ.ഡി.എം. എന്നീ വകുപ്പുകൾക്ക് അനുവദിച്ച പദ്ധതി തുക പദ്ധതി തിരിച്ച് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ സർവ്വേ, ലാന്റ് ബാങ്ക്, ലാന്റ് ബോർഡ്, ഐ.എൽ.ഡി.എം. എന്നീ വകുപ്പുകൾക്ക് അനുവദിച്ച പദ്ധതി തുക പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. |
| (ബി) | അനുവദിച്ച പദ്ധതി തുകയിൽ ചെലവഴിച്ച തുക ഇനം തിരിച്ച് വിശദമാക്കുമോ; | (ബി) | അനുവദിച്ച് പദ്ധതി തുകയിൽ ചെലവഴിച്ച തുക ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു. |
| (സി) | ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (സി) | ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അനുബന്ധം-III ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-I

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ബഡ്ജറ്റ് വിഹിതം (തുക ലക്ഷത്തിൽ) | | |
|---|---|---|---|---|
| | | 2016-17 | 2017-18 | 2018-19 |
| 1 | റവന്യൂ വകുപ്പിലെ പൈതൃക മന്ദിരങ്ങളുടെ സംരക്ഷണം | 110 | 110 | 125 |
| 2 | കേരള ലാൻഡ് ബാങ്ക് പ്രോജക്റ്റ് ഭൂ-സംരക്ഷണം | 40 | 50 | 50 |
| 3 | കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ | 600 | 1500 | 2200 |
| 4 | റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവത്ക്കരണം | 800 (ലാൻഡ് ബോർഡിന് അനുവദിച്ച 40 ലക്ഷം ഉൾപ്പെടെ) | 1600 (ലാൻഡ് ബോർഡിന് അനുവദിച്ച 1 കോടി ഉൾപ്പെടെ) | 1550 |
| 5 | വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം | -- | 1500 | 1800 |
| 6 | കളക്ടേറ്റ് കോൺഫറൻസ് ഹാൾ നവീകരണം | - | 40 | -- |
| 7 | ഐ.എൽ.ഡി.എം | 130 | 150 | 160 |
| 8 | റവന്യൂ ഓഫീസുകളുടെ നവീകരണം | - | - | 500 |
| **സർവെയും ഭൂരേഖയും വകുപ്പ്** | | | | |
| 1 | ഇന്റഗ്രേഷൻ ഓഫ് ലാൻഡ് റിക്കാർഡ് സർവ്വീസ് ഡെലിവറി പ്രോജക്റ്റ് | 700 | 2500 | 1028 |
| 2 | മോഡണൈസേഷൻ ഓഫ് സർവെ ട്രെയിനിംഗ് സ്കൂൾ | 300 | 100 | 128 |

U.O Rev(F)

**അനുബന്ധം-II**

## ചെലവഴിച്ച തുക ഇനം തിരിച്ച്

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (തുക ലക്ഷത്തിൽ) | | |
|---|---|---|---|---|
| | | 2016-17 | 2017-18 | 2018-19 |
| 1 | റവന്യൂ വകുപ്പിലെ പൈതൃക മന്ദിരങ്ങളുടെ സംരക്ഷണം | 95.917 | 62 | 39.44 |
| 2 | കേരള ലാൻഡ് ബാങ്ക് പ്രോജക്ട് ഭൂ-സംരക്ഷണം | 15.423 | 20.500 | 13.74 |
| 3 | കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ | 419.724 | 682.79 | 497.29 |
| 4 | റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവത്ക്കരണം | 640.42 (ലാൻഡ് ബോർഡ് ചിലവഴിച്ച 39.99 ലക്ഷം ഉൾപ്പെടെ) | 752.33 (ലാൻഡ് ബോർഡ് ചിലവഴിച്ച 99.95 ലക്ഷം ഉൾപ്പെടെ) | 267.00 |
| 5 | വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം | -- | 723.65 | 420.11 |
| 6 | കളക്ടേറ്റ് കോൺഫറൻസ് ഹാൾ നവീകരണം | -- | 40 | -- |
| 7 | ഐ.എൽ.ഡി.എം | 130 | 150 | -- |
| 8 | റവന്യൂ ഓഫീസുകളുടെ നവീകരണം | -- | -- | 34.00 |
| **സർവെയും ഭൂരേഖയും വകുപ്പ്** | | | | |
| 1 | ഇന്റഗ്രേഷൻ ഓഫ് ലാൻഡ് റിക്കാർഡ് സർവ്വീസ് ഡെലിവറി പ്രോജക്ട് | 80 | 783 | 2.8 |
| 2 | മോഡണൈസേഷൻ ഓഫ് സർവെ ട്രെയിനിംഗ് സ്കൂൾ | 69.4 | 53.98 | -- |

S.O Rev(F)

**അനുബന്ധം-III**

**1. റവന്യൂ വകുപ്പിലെ പൈതൃക മന്ദിരങ്ങളുടെ സംരക്ഷണം**

2016-17 സാമ്പത്തിക വർഷത്തിൽ റവന്യൂ വകുപ്പിൽ പൈതൃക മന്ദിരങ്ങളുടെ സംരക്ഷണത്തിനായി റവന്യൂ ഡിവിഷണൽ ഓഫീസ് തലശ്ശേരി, താലൂക്കാഫീസ് കണ്ണൂർ എന്നീ ഓഫീസുകളും നാട്ടകം, കുമരകം എന്നീ വില്ലേജാഫീസുകൾ എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ചതും ടി പണികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 2017-18-ൽ വടകര താലൂക്കാഫീസ്, താലൂക്കാഫീസ് ദേവികുളം, അറക്കുളം വില്ലേജാഫീസ് എന്നിവ പൈതൃക മന്ദിരമായി സംരക്ഷിക്കുന്നതിനാണ് ഭരണാനുമതി ലഭിച്ചത്. ഇതിൽ ദേവികുളം താലൂക്കാഫീസിന്റെ പണികൾ പുരോഗമിക്കുന്നതും ബാക്കി പണികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസ് പാലക്കാട്, താലൂക്കാഫീസ് തൃശ്ശൂർ എന്നിവ പൈതൃക മന്ദിരമായി സംരക്ഷിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും ആയതിന്റെ പണികൾ പ്രാരംഭ ഘട്ടത്തിലാണ്.

**2. കേരള ലാൻഡ് ബാങ്ക് പ്രോജക്റ്റ് ഭൂസംരക്ഷണം**

2010 ഫെബ്രുവരിയിൽ പ്രവർത്തനം ആരംഭിച്ച കേരള സ്റ്റേറ്റ് ലാൻഡ് ബാങ്കിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

സർക്കാർ ഭൂമി കണ്ടെത്തി തിട്ടപ്പെടുത്തുക, അതിൽ നിന്നും വിവേകപൂർവ്വം ആദായം വർദ്ധിപ്പിക്കുക, ജാഗ്രതയോടെ സംരക്ഷിക്കുക, വികസന പ്രവർത്തനങ്ങൾക്ക് വേഗത്തിൽ ഭൂമി ലഭ്യമാക്കുക. സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ കണ്ടുപിടിക്കുന്നതിനും ഒഴിവാക്കുന്നതിനും വേണ്ടി നിലവിൽ ഇടുക്കി ജില്ലയിൽ വിമുക്തഭടന്മാരായ 9 അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഗവൺമെന്റ് ലാൻഡ് പ്രൊട്ടക്ഷൻ എൻഫോഴ്സ്മെന്റ് യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. നിലവിൽ കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ, കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്നിവ സംയോജിപ്പിച്ചുകൊണ്ട് കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ചിട്ടുണ്ട്. KLRMM-ന്റെ പ്രവർത്തനം താമസംവിന ആരംഭിക്കുന്നതാണ്.

**3. കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ**

2016-17 സാമ്പത്തിക വർഷം 7 സ്മാർട്ട് വില്ലേജ് ഓഫീസുകളുടേയും 2017-18 സാമ്പത്തിക വർഷം 10 സ്മാർട്ട് വില്ലേജാഫീസുകളുടെയും പണികൾ പൂർത്തിയാവുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ സ്മാർട്ട് വില്ലേജാഫീസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ചില സാങ്കേതിക കാരണങ്ങളാൽ പ്രാരംഭ ഘട്ടത്തിലാണ്.

**4. റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവത്ക്കരണം**

സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ സർവ്വെ വകുപ്പ് മുഖാന്തിരം പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളുടെ റീസർവ്വെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു.

റവന്യൂ റിക്കാർഡുകളിൽ ടെക്സ്ച്വൽ ഡാറ്റായുടെ (Textual Data) ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ റവന്യൂ വകുപ്പ് വഴിയും സ്പാഷ്യൽ ഡാറ്റായുടെ (Spatial Data) ഡിജിറ്റൈസേഷൻ സർവ്വേ വകുപ്പ് വഴിയുമാണ് നടത്തി വരുന്നത്. സംസ്ഥാനത്തെ 1615 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡാറ്റാ എൻട്രി നടത്തി ഡിജിറ്റൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ ആക്കിയിട്ടുണ്ട്. ടി വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സ്വീകരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ശേഷിക്കുന്ന വില്ലേജുകൾ ഓൺലൈൻ ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## 5. വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം

വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ട് 2017-18, 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

## 6. ഐ.എൽ.ഡി.എം

റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രാരംഭ പരിശീലനം, സേവന വേളയിലെ പരിശീലനം, ദുരന്ത അവസ്ഥ കൈകാര്യം ചെയ്യൽ ഉൾപ്പെടെയുള്ള പ്രത്യേക വിഷയങ്ങളിൽ പരിശീലനം നടത്തുന്നതിനായി 1996 മുതൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണിത്. നിലവിൽ ജില്ലാതല പരിശീലന പരിപാടി, ജനസൗഹൃദ വില്ലേജ്, വികേന്ദ്രീകൃത കമ്പ്യൂട്ടർ പരിശീലനം, സ്പെഷ്യലൈസ്ഡ് ഇൻ സർവ്വീസ് ട്രെയിനിംഗ്, സ്ത്രീ ശാക്തീകരണ പരിശീലനം തുടങ്ങിയ പരിശീലനങ്ങളും റവന്യൂ ഹാൻഡ് ബുക്ക്, റവന്യൂ വാർത്ത എന്നിവയും പ്രസിദ്ധീകരിക്കുന്നു.

## 7. റവന്യൂ ഓഫീസുകളുടെ നവീകരണം

റവന്യൂ ഓഫീസുകളുടെ നവീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

## 8. ഇന്റഗ്രേഷൻ ഓഫ് ലാൻഡ് റിക്കാർഡ്സ് സർവ്വീസ് ഡെലിവറി പ്രോജക്ട്

ഇന്റഗ്രേഷൻ ഓഫ് ലാൻഡ് റിക്കാർഡ്സ് സർവ്വീസ് ഡെലിവറി പ്രോജക്ടിൽ ഉൾപ്പെടുത്തി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ കാസർഗോഡ് ജില്ലയിലെ 10 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ പൂർത്തീകരിക്കുകയും കൂടാതെ സംസ്ഥാനത്താകമാനമുള്ള തിരഞ്ഞെടുത്ത 32 വില്ലേജുകളിൽ ഡിജിറ്റൽ സർവ്വെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നതുമാണ്.

## 9. മോഡണൈസേഷൻ ഓഫ് സർവെ ട്രെയിനിംഗ് സ്കൂൾ

സർവെയും ഭൂരേഖയും വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളിൽ മോഡണൈസേഷൻ ഓഫ് സർവെ സ്കൂൾ പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ആധുനിക സർവ്വെ ട്രെയിനിംഗ് സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രയുടെ കീഴിൽ പുരോഗമിച്ചു വരുന്നു. കൂടാതെ കണ്ണൂർ ആധുനിക സർവെ സ്കൂളിനായുള്ള Infra structure സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗതിയിലാണ്.

S.O Rev (F)